**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*297** **07.10.2016 ൽ മറുപടിയ്ക്ക്**

**"വിഷരഹിത പച്ചക്കറികൾ"**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ. വി.ആർ സുനിൽ കുമാർ<br>ശ്രീ. എൽദോ എബ്രഹാം. | | ശ്രീ. വി.എസ്.സുനിൽ കുമാർ<br>(ബഹു.കൃഷി വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾ ന്യായമായ വില നൽകി കർഷകരിൽ നിന്നും സംഭരിച്ച് വിപണനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;<br><br>(ബി) ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കുന്നതിനായി കേരളത്തിലെ കർഷകരിൽ നിന്നും നേരിട്ട് പച്ചക്കറി സംഭരിച്ച് വിപണനം നടത്തുന്നതിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) യും (ബി) യും | കൃഷി വകുപ്പിന്റെ കീഴിലുള്ള 6 മൊത്ത വ്യാപാര വിപണികളിലും, 5 ജില്ലാ സംഭരണ വിതരണ കേന്ദ്രങ്ങളിലും കർഷകരിൽ നിന്നുമുള്ള ഉത്പന്നങ്ങൾ നേരിട്ട് വിപണിയിൽ കൊണ്ടുവന്ന് ലേലം ചെയ്ത് വിൽക്കാനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. ഇതിലൂടെ കർഷകർക്ക് ന്യായവില ഉറപ്പാക്കുന്നതിനു സാധിക്കും. കഴിഞ്ഞ ഓണക്കാലത്ത് ഓണസമൃദ്ധി പദ്ധതി പ്രകാരം കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ എന്നിവയുടെ സഹകരണത്തോടെ കർഷകരിൽ നിന്നും നേരിട്ട് പഴം പച്ചക്കറി ഉൽപന്നങ്ങൾ ന്യായമായ വില നൽകി സംഭരിച്ചുകൊണ്ട് 1350 വിപണികളിലൂടെ വിൽപന നടത്തിയിട്ടുണ്ട്.<br>സംസ്ഥാനത്തെ കർഷകർ ഉത്പാദിപ്പിക്കുന്ന പച്ചക്കറികൾ ന്യായമായ വില നൽകി ഹോർട്ടികോർപ്പ് മുഖേന സംഭരിച്ച് വിൽപന നടത്തിവരുന്നു. കാർഷികോത്പന്നങ്ങൾ വി.എഫ്.പി.സി.കെയുടെ നേതൃത്വത്തിൽ സംസ്ഥാനത്തുടനീളമുള്ള 274 സ്വാശ്രയ കർഷക സമിതികൾ മുഖേന ലേലം ചെയ്യുന്നതിലൂടെ ന്യായമായ വില കർഷകന് ലഭിക്കുന്നുണ്ട്.<br>കൃഷി വകുപ്പിന്റെ സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം രൂപീകരിച്ചിട്ടുള്ള ബ്ലോക്ക് തല സമിതികളുടെ കീഴിൽ പച്ചക്കറികൾ സംഭരിച്ച് വിപണനം ചെയ്യുന്നതിനായി 30 മാർക്കറ്റുകൾ പ്രവർത്തിച്ചുവരുന്നു. ഇതിനു പുറമേ 178 'എ' ഗ്രേഡ് ക്ലസ്റ്റർ മാർക്കറ്റുകളും പ്രവർത്തിക്കുന്നുണ്ട്.<br>ജി.എ.പി സ്റ്റാൻഡേർഡ് പാലിക്കുന്ന കർഷകരിൽ നിന്നും ജി.എ.പി സാക്ഷ്യപത്രത്തോടു കൂടിയ പച്ചക്കറികൾ ശേഖരിച്ച് വിപണനം നടത്തുന്നതിനായി നിലവിൽ 34 ഇക്കോ ഷോപ്പുകൾ സ്ഥാപിച്ചു പ്രവർത്തിപ്പിച്ചു വരുന്നു. |
| (സി) കേരളത്തിലെ കർഷകർ ഉല്പാദിപ്പിക്കുന്ന വിഷരഹിത പച്ചക്കറികൾ കൃഷി വകുപ്പിന്റെ കീഴിൽ ഒരു പ്രത്യേക ബ്രാന്റ് ആയി വിൽപന നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിനായി ഒരു ലോഗോ രൂപകൽപന ചെയ്യുന്നതിന് അനുയോജ്യമായ മാതൃകകൾക്കായി പരസ്യം നൽകുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**